## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത 5875-ാം നമ്പർ ചോദ്യം 28.10.2011 -ലെ മറുപടിക്ക്

## ഗസറ്റഡ് ജീവനക്കാരുടെ പേ സ്ളിപ്പ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ലൂഡി ലൂയിസ് | ബഹു.മുഖ്യമന്ത്രി<br>ശ്രീ ഉമ്മൻചാണ്ടി |
| (എ) 9-ാം ശമ്പള പരിഷ്ക്കരണത്തെ ത്തുടർന്ന് പേ ഫിക്സേഷന് വേണ്ടി ഓപ്ഷൻ നൽകിയ സംസ്ഥാനത്തെ ഗസറ്റഡ് ജീവനക്കാർക്ക് പേസ്ളിപ്പ് കിട്ടുന്നതിൽ ഉണ്ടായിരിക്കുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ശമ്പള പരിഷ്ക്കരണം കഴിഞ്ഞ് ഏഴ് മാസത്തിന് ശേഷവും പേസ്ളിപ്പ് കിട്ടാത്തതിനാൽ ഗസറ്റഡ് ഉദ്യോഗസ്ഥർക്ക് പുതുക്കിയ നിരക്കിലുള്ള ശമ്പളം ലഭിക്കാത്ത സാഹചര്യം പരിശോധിക്കുമോ; | (ബി) പരിശോധിക്കുന്നതാണ് |
| (സി) ഇതു സംബന്ധിച്ച് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ; നിവേദനം എന്നു ലഭിച്ചു; ആയതിന്മേൽ എന്തു നടപടി സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കുമോ; | (സി) ഉണ്ട്. നിവേദനം സത്വരനടപടിക്കായി അക്കൗണ്ടന്റ് ജനറൽ (എ. ആന്റ്. ഇ) ക്ക് അയച്ചു കൊടുത്തിട്ടുണ്ട് |
| (ഡി) ഇന്ത്യയിലെ മിക്ക സംസ്ഥാനങ്ങളിലും സംസ്ഥാന ഗസറ്റഡ് ജീവനക്കാരുടെ പേ സ്ളിപ്പ് മാതൃവകുപ്പുകൾ തന്നെയാണ് നൽകുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

| | |
|---|---|
| (ഇ) ഇക്കാര്യങ്ങൾ പരിഗണിച്ച് നിലവിൽ അക്കൗണ്ടന്റ് ജനറലിന്റെ ഓഫീസിൽ നിർവ്വഹിച്ചുവരുന്ന ഗസറ്റഡ് ഉദ്യോഗസ്ഥന്മാരുടെ ലീവ് സാലറി സ്ലിപ്പും പേസ്ലിപ്പും സംബന്ധമായ കാര്യങ്ങൾ പ്രസ്തുത ഉദ്യോഗസ്ഥരുടെ മാതൃവകുപ്പിൽ തന്നെ നിർവ്വഹിക്കുന്നതിനും പേസ്ലിപ്പ് മാതൃ വകുപ്പിൽ നിന്നു തന്നെ നൽകുന്നതിനും ഉത്തരവാകുമോ? | (ഇ) സംസ്ഥാനത്തെ ഗസറ്റഡ് ഓഫീസർമാർക്ക് അക്കൗണ്ടന്റ് ജനറലിന്റെ ഓഫീസിൽ നിന്നും പേ സ്ലിപ്പ് നൽകുന്ന സംവിധാനം അവസാനിപ്പിക്കുന്ന കാര്യം പരിശോധിച്ചു വരികയാണ്. ഗവൺമെന്റ് ഇക്കാര്യത്തിൽ അന്തിമ തിരുമാനമെടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ